LIBRARY ARCHIVES Kerala Legislative Assembly

മോട്ടോർ വാഹനങ്ങളുടെ രജിസ്ട്രേഷൻ

102 [556] ശ്രീ. എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ മോട്ടോർ വാഹനങ്ങളുടേയും രജിസ്ട്രേഷൻ വാഹന ഉടമകൾക്ക് നേരിട്ട് നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്താമോ;

(ബി) പുതിയ വാഹനങ്ങൾ വാങ്ങുന്ന സന്ദർഭത്തിൽ ഡീലർമാർ രജിസ്ട്രേഷൻ നടത്തുമ്പോൾ ഉപഭോക്താക്കളിൽനിന്നും അമിത തുക ഈടാക്കുന്നതായ പരാതി പരിഗണിച്ച്, വാഹനങ്ങൾ വാങ്ങുന്നവർക്ക് രജിസ്ട്രേഷൻ നടത്തുവാൻ വേണ്ട സംവിധാനം ഏർപ്പെടുത്താമോ?

ഉത്തരം

(എ) വാഹനം രജിസ്റ്റർ ചെയ്യുന്ന അധികാരിയുടെ പരിധിയിൽ വാഹനം വിൽക്കുന്നയാളും വാങ്ങുന്നയാളും വരികയാണെങ്കിൽ വാഹനം വിൽക്കുന്ന ഡീലർമാർ വഴി മാത്രമേ വാഹനം പരിശോധനയ്ക്കായി എത്തിക്കുവാൻ സാധിക്കുകയുള്ളൂ. മറിച്ചാണെങ്കിൽ താൽക്കാലിക രജിസ്ട്രേഷൻ എടുത്തതിനുശേഷം വാഹന ഉടമയ്ക്ക് നേരിട്ട് വാഹനം രജിസ്റ്റർ ചെയ്യാവുന്നതാണ്.

(ബി) ഡീലർമാർ ഉപഭോക്താക്കളിൽനിന്നും അമിത തുക ഈടാക്കുന്നതായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വാഹനം വാങ്ങുന്നവർ രജിസ്റ്റർ ചെയ്യുന്ന അധികാരിയുടെ അധികാര പരിധിയ്ക്കുള്ളിലാണെങ്കിൽ മാത്രമേ വാഹനം ഡീലർമാർ വഴി രജിസ്റ്റർ ചെയ്യേണ്ടതുള്ളൂ. മറിച്ചാണെങ്കിൽ താൽക്കാലിക രജിസ്ട്രേഷനോടെ ഉടമയ്ക്ക് നേരിട്ടു തന്നെ വാഹനം ഹാജരാക്കി രജിസ്റ്റർ ചെയ്യുന്നതിനുള്ള സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്.

വാഹനങ്ങളുടെ സ്പീഡ് നിയന്ത്രണം

103 [557] ശ്രീമതി രാധാരാഘവൻ:

ശ്രീ. ടി. യു. രാധാകൃഷ്ണൻ:

,, എ. പി. അനിൽകുമാർ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ റോഡുകളിൽ വാഹനങ്ങൾ പരമാവധി എന്ത് സ്പീഡിലാണ് ഓടിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) റോഡിന്റെ കപ്പാസിറ്റിക്കും വാഹനങ്ങളുടെ തിരക്കും അനുസരിച്ച് സ്പീഡ് നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ?